മിസ്റ്റർ പറമ്പി ലോനപ്പൻ: നമ്മുടെ കന്നുകാലികളാണ്. അധ്യക്ഷതരുടെ കാര്യം പറയാൻ തുടങ്ങിയതുപോലെ അവയുടെ കാര്യം പറയാൻ അവക്ക് സാദ്ധ്യമല്ല. അധ്യക്ഷതക്ക് താമസിക്കുവാൻ സ്ഥലം ആവശ്യമുണ്ടെന്നുവെച്ച് കന്നുകാലികളെ തീരെ ഉപേക്ഷിക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: അപ്പോൾ അധ്യക്ഷതർ കന്നുകാലികളേക്കാൾ മോശമാണെന്നുള്ള നിലയിണ് ഗവണ്മെണ്ട് എടുത്തിരിക്കുന്നത്.

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെയല്ല അതിന്റെ കാര്യം. മനുഷ്യൻ കന്നുകാലികളേക്കാൾ മോശമാണെന്ന് പഠഞ്ഞാൽ, അങ്ങിനെ പറയുന്നവൻ കന്നുകാലിയാണ്.

മിസ്റ്റർ കെ. കെ. കണ്ണൻ: വീടില്ലാതെ അലഞ്ഞുതിരിഞ്ഞ് അധ്യക്ഷതക്ക് നടക്കേണ്ടി വരുന്ന സ്ഥിതി കന്നുകാലികളേതിനേക്കാൾ മോശമല്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്.

മിസ്റ്റർ പി. ടി. ജേക്കബ്: പല്ലുതിന്നാൻ വല്ല പല്ലും അവിടെ മുളയ്ക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അത് റവന്യൂ ഡിപ്പാർട്ടുമെണ്ടും പഞ്ചായത്ത് ഡിപ്പാർട്ടുമെണ്ടും വളരെ ഒക്കെ നോക്കി കണ്ടുപിടിച്ചിട്ടുള്ള സ്ഥലങ്ങളാണ്. ഉണ്ടാകുമെന്നാണ് എന്റെ വിശ്വാസം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സ്ഥലങ്ങളിൽ പുല്ലുമുളക്കാത്ത സ്ഥലങ്ങളില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടായിരിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പുല്ലുമുളക്കാത്ത സ്ഥലങ്ങൾ അധ്യക്ഷതക്ക് കൊടുത്തുകൂടെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവക്ക് വീട് മാത്രമല്ല ആവശ്യം. അതുകൊണ്ട് അങ്ങിനെയുള്ള സ്ഥലം അവക്ക് കൊടുത്തിട്ട് ആവശ്യമില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: ഇതു് ഗവണ്മെണ്ടിന്റെ മേച്ചിൽ സ്ഥലങ്ങളാണോ? അതൊ പുതിയതായി ഉണ്ടാക്കിയ മേച്ചിൽസ്ഥലങ്ങളൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഞാൻ മന്ത്രിയായിരുന്ന കാലത്തിനു് മുമ്പുള്ളതാണ്. എന്നു് ഉണ്ടായതാണെന്നു് തീർച്ച പറയാൻ നിവൃത്തിയില്ല.

OFFICERS THROWN OUT FROM FAIR PRICE SHOP—NUMBER OF

99. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ഫെയർ പ്രൈസ് ഷാപ്പുകൾ കോവാപ്പറേറീവ് സൊസൈറ്റികളെ ഏല്പിച്ചതോടുകൂടി ഒഴിവാക്കപ്പെട്ട ഉദ്യോഗസ്ഥന്മാർ എത്ര;

(ബി) അവരിൽ മാനേജർമാരായിരുന്നവർ എത്ര;

(സി) ഷാപ്പ് അസിസ്റ്റൻറുമാരായിരുന്നവർ എത്ര?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ൨൨ ൭.

(ബി) ൪൨ പേർ.

(സി) ൧൭൪ പേർ.

PETROL—SELLING IN BLACK-MARKET—CASE—CHARGING OF

100. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) ൧൯൪൨ ൨ മിഥുനം ൩ ൦-൦൦ മണി-വരെയുള്ള നാലു മാസത്തിനുള്ളിൽ പെട്രോൾ ബ്ലാക്കുമാർക്കറ്റിൽ വില്ക്കുന്നതു സംബന്ധിച്ചു പോലീസു വല്ല കേസ്സും പിടിച്ചിട്ടുണ്ടോ, ചാർജ്ജു ചെയ്തിട്ടുണ്ടോ;

(ബി) മന്ത്രിമാരിൽ ആരെങ്കിലും കൊടുത്തിട്ടുള്ള പെട്രോൾ കൂപ്പൺ മറ്റാരെങ്കിലും പെട്രോൾ വാങ്ങുന്നതിനു ഉപയോഗപ്പെടുത്തുന്നതായി വല്ല കേസ്സും പോലീസു പിടിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു മന്ത്രിക്കു കൊടുത്ത പെട്രോൾ കൂപ്പണാണ് ഇപ്രകാരം വെളിയിൽ പോയതു;

(ഡി) ഈ കേസ്സു റജിസ്റ്റർ ചെയ്തിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: (എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly